നമ്പർ. 1780/പാർല/2019/നിയമം | നിയമ (പാർല) വകുപ്പ്

# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 806 30.01.2019 - ൽ മറുപടിക്ക്**

**ലീഗൽ അസിസ്റ്റന്റ് തസ്തിക**

**ചോദ്യം** | **മറുപടി**

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

**ശ്രീ. എ. കെ. ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായ-ക്ഷേമവും നിയമവും സാംസ്ക്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | ലീഗൽ സർവ്വീസസ് അതോറിറ്റിയിലേക്ക് നിയമ പരിജ്ഞാനം ആവശ്യമുള്ള വിവിധ തസ്തികകളിലേക്ക് നിരവധി തവണ ആളിനെ ആവശ്യപ്പെട്ടിട്ടും നിയമവകുപ്പിൽ നിന്നും ആരും പോകാൻ തയ്യാറാകാത്ത സാഹചര്യത്തിൽ നിലവിലുള്ള ലീഗൽഅസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരെ പരിഗണിക്കുവാൻ നടപടി സ്വീകരിക്കുമോ; | 1998- ലെ കേരള ലീഗൽ സർവ്വീസസ് ചട്ടങ്ങളിലെ ചട്ടം 13 പ്രകാരമാണ് ലീഗൽ സർവ്വീസസ് അതോറിറ്റിയിലെ തസ്തികകളും അവയിലേയ്ക്കുള്ള നിയമന രീതികളും നിർണ്ണയിക്കപ്പെട്ടിട്ടുള്ളത്. നിയമവകുപ്പിലെ സെക്കൻഡ് ഗ്രേഡ് ലീഗൽ അസിസ്റ്റന്റുമാരിൽ നിന്നോ, ജുഡീഷ്യൽ സർവ്വീസിലേയോ, സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസിലേയോ സമാന തസ്തികകളിൽ നിന്നുള്ളവരിൽ നിന്നോ ആണ് ലീഗൽ സർവ്വീസസ് സ്ഥാപനങ്ങളിലേയ്ക്ക് അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നൽകുന്നത്. ആയതിനാൽ ലീഗൽ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരെ നിലവിലെ വ്യവസ്ഥ പ്രകാരം പരിഗണിക്കുവാൻ കഴിയില്ല. ലീഗൽ സർവ്വീസ് അതോറിറ്റിയിലേയ്ക്ക് നേരിട്ട് നിയമനം നടത്തുവാൻ ആവശ്യപ്പെട്ട് ലഭിച്ച നിർദ്ദേശം സർക്കാർ പരിഗണനയിലാണ്. |

| | | |
|---|---|---|
| (ബി) | നഗരസഭകളിലും കോർപ്പറേഷനുകളിലും ലീഗൽ അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കുവാൻ എന്തെങ്കിലും പ്രൊപ്പോസൽ നിലവിലുണ്ടോ;വ്യക്തമാക്കുമോ; | നിയമവകുപ്പിൽ പ്രൊപ്പോസൽ നിലവിലില്ല. എന്നാൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിയമവകുപ്പിൽ നിന്നും ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്- II തസ്തികകൾ സൃഷ്ടിച്ച് ലീഗൽ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിലുള്ളവർക്ക് നിയമനം ഉറപ്പ് വരുത്തണമെന്ന ലീഗൽ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ സമർപ്പിച്ച നിവേദനത്തിൽ മേൽ ബന്ധപ്പെട്ട ഭരണ വകുപ്പായ തദ്ദേശ സ്വയം ഭരണ വകുപ്പാണ് നടപടി സ്വീകരിക്കേണ്ടത് എന്നതിനാൽ പ്രസ്തുത വകുപ്പിന് കൈമാറാനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| സി) | ഇത് സംബന്ധിച്ച് തദ്ദേശസ്വയം ഭരണ വകുപ്പ് സെക്രട്ടറി നിയമ വകുപ്പിന് എന്തെങ്കിലും പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിൻമേൽ നടപടി സ്വീകരിക്കുമോ; | പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല. |
| ഡി) | സ്റ്റേറ്റ് ലിറ്റിഗേഷൻ പോളിസിയുടെ ഭാഗമായി ലാ നോഡൽ ഓഫീസറെ നിയമിക്കാത്ത വകുപ്പുകളിൽ ടി ഓഫീസറെ അടിയന്തരമായി നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ? | സ്റ്റേറ്റ് ലിറ്റിഗേഷൻ പോളിസി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും സർക്കാർ കക്ഷിയായിട്ടുള്ള വ്യവഹാരങ്ങൾ മോണിറ്റർ ചെയ്യുന്നതിനുമായി നിയമ (നോഡൽ) ഓഫീസർമാരെ നിയമിച്ചിട്ടില്ലാത്ത വകുപ്പുകൾ അപ്രകാരം ആവശ്യപ്പെടുന്ന പക്ഷം നിയമന നടപടികൾ സ്വീകരിക്കുന്നതാണ്. |

ഉത്തരവിൻ പ്രകാരം

Hin

സെക്ഷൻ ഓഫീസർ